M 7716

Reg. No.: ..............................

Name : .................................

**I Semester B.A. Degree (CCSS – Supple./Improve.) Examination, November 2014**
**CORE COURSE IN MALAYALAM**
**1 B 02 MAL : പരിസ്ഥിതി, ദളിത്, സ്ത്രീവാദം**
**(2012 and 2013 Admn.)**

Time : 3 Hours Max. Weightage : 30

I. താഴെ കൊടുത്തിട്ടുള്ള **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം വെയിറ്റേജ് – 1. **(4×1=4 വെയിറ്റേജ്)**

1) താഴെ കൊടുത്തിട്ടുള്ള കൃതികളുടെ കർത്താക്കളുടെ പേരെഴുതുക.
   a) ആലാഹയുടെ പെൺമക്കൾ
   b) പാത്തുമ്മയുടെ ആട്
   c) കറുത്ത ചെട്ടിച്ചികൾ
   d) കൊച്ചരേത്തി

2) " തിന്നാനും കുടിക്കാനും പുറം മാന്തിത്തരാനും നീയുണ്ടെങ്കിൽ ഏതു ഗുഹയിലും ഞാൻ താമസിച്ച് ഘോരഘോരം തപസ്സുചെയ്യാം"
   a) ആരുടെ വാക്കുകൾ ?
   b) ആരോടാണ് പറയുന്നത് ?
   c) ഏതു കൃതി ?
   d) സന്ദർഭമേത് ?

3) "നെനക്കെന്നെ തേവസ്സി തമ്പാനെന്നു വിളിച്ചാലെന്നാ ?"
   a) ആരുടെ വാക്കുകൾ ?
   b) ആരോടാണ് പറയുന്നത് ?
   c) ഏതു കൃതി ?
   d) എഴുതിയത് ആര് ?

P.T.O.

4) താഴെ കൊടുത്തിട്ടുള്ള കഥകൾ രചിച്ചതാരെന്ന് എഴുതുക.

a) ഭ്രൂണം

b) വേഷപ്പകർച്ച

c) സ്വവർഗ്ഗ സങ്കടങ്ങൾ

d) അപഥസഞ്ചാരങ്ങൾ

5) ''തലച്ചോറുള്ളവർ ഈ പ്രവൃത്തിക്കു വരുന്നത് കഷ്ടമാണ് ''

a) ആരുടെ വാക്കുകൾ ?

b) ആരോടാണു പറയുന്നത് ?

c) ഏതു രചന ?

d) രചയിതാവാര് ?

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×1=4 വെയിറ്റേജ്)**

6) ഗ്രേസിയുടെ കഥകൾ പെണ്ണെഴുത്തിലെ മാറ്റത്തിന്റെ കാലസൂചകങ്ങളാണ് – വിശദമാക്കുക.

7) ''ഞങ്ങൾ ഒരു ബെഞ്ചിൽ
ഹിന്ദു ക്രിസ്ത്യൻ കുടുംബമായി '' ആശയം വ്യക്തമാക്കുക.

8) ''അംബ, പേരാറേ നീ മാറിപ്പോമോ
ആകുലയാമൊരഴുക്കുചാലായ് ?'' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

9) ഹരിതനിരൂപണം എന്നാലെന്ത് ? വിശദമാക്കുക.

10) 'ഒരാളോട് നികുതിയെന്നു പറഞ്ഞ് അധ്വാനഫലം തട്ടിപ്പറിക്കാൻ മറ്റൊരാൾക്ക് എന്താണധികാരം' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

III. **നൂറ്റിയൻപതു** വാക്കിൽ കവിയാതെ **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(5×2=10 വെയിറ്റേജ്)**

11) ''ശാശ്വതവും ദിവ്യവുമായ പ്രേമത്തിന് നശ്വരമായ ശരീരത്തിന്റെയും ലൗകികമായ വിവാഹത്തിന്റെയും ആവശ്യമെന്താണ് ? '' – സന്ദർഭമേത് ? ആശയം വിശദമാക്കുക.

12) ബാലാമണിയമ്മയുടെ കവിതകളിലെ സ്ത്രീപക്ഷ സമീപനങ്ങൾ വിവരിക്കുക.



13) സാറാ ജോസഫിന്റെ കഥയിലുടനീളം കാണുന്ന അർത്ഥസാന്ദ്രമായ പ്രതീകഘടന 'ചാവുനില'ത്തിലുണ്ട് – സമർത്ഥിക്കുക.

14) മലയാളത്തിലെ ദളിത് പഠനത്തെക്കുറിച്ച് വിവരിക്കുക.

15) ദളിത് കൃതികളിലെ ഭാഷയെക്കുറിച്ച് കെ. കെ. ബാബുരാജ് പുലർത്തുന്ന നിലപാടെന്താണ് ?

16) ''കരിയുമ്പോൾ വെരകാൻ കയിലേ ശേഷിക്കുകയുള്ളു എന്ന പരമാർത്ഥം മനസ്സിലാക്കാനുള്ള ബുദ്ധിശക്തി ആ മിഥ്യാഭിമാനിക്കില്ലാതെപോയി '' – ആർക്ക് ? വ്യക്തമാക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×3=12 വെയിറ്റേജ്)**

17) 'പെൺബുദ്ധി' എന്ന കഥ അവതരിപ്പിക്കുന്ന സാമൂഹിക പ്രശ്നങ്ങൾ വിവരിക്കുക.

18) 'അച്ചണ്ട വെന്തീഞ്ഞ ഇന്നാ' എന്ന കഥയിലൂടെ ടി. കെ. സി. വടുതല അവതരിപ്പിക്കുന്ന സാമൂഹിക വിഷയം എന്താണ് ? വിവരിക്കുക.

19) ബഷീറിന്റെ മാനവികദർശനം 'ഭൂമിയുടെ അവകാശികൾ' എന്ന കഥയെ ആധാരമാക്കി ഉപന്യസിക്കുക.

20) 'കുറ്റിപ്പുറം പാലം' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

———————